"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് (KURDFC Ltd) - ജീവനക്കാര്യം - ഫിനാൻസ് മാനേജർ തസ്തികയിലുള്ള ശ്രീ. ആർ. മനുവിന്റെ കരാർ നിയമന കാലാവധി - ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1207/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/06/2021

പരാമർശം:- 1 സ.ഉ.(സാധാ) നം.1446/2019/തസ്വഭവ തീയതി 11.07.2019

2 കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 25.09.2019-ലെ കെ.യു.ആർ.ഡി.എഫ്.സി./എ2/205/2018 നമ്പർ നടപടിക്രമം

3 സ.ഉ.(സാധാ) നം. 2710/2019/തസ്വഭവ തീയതി 30/11/2019

4 കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 30.12.2019, 25.11.2020 തീയതികളിലെ കെ.യു.ആർ.ഡി.എഫ്.സി./എ2/205/2018 നമ്പർ കത്തുകൾ

ഉത്തരവ്

കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിലെ ഫിനാൻസ് മാനേജർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ശ്രീ. ആർ. മനുവിന് നൽകിയ നിയമനത്തിന് 25.06.2018 മുതൽ പ്രാബല്യത്തിൽ പരാമർശം (1) പ്രകാരം സാധൂകരണം നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 25.06.2019 മുതൽ ഒരു വർഷത്തേക്കു കൂടി കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. തുടർന്ന് ശ്രീ. ആർ. മനുവിന്റെ വേതനം പ്രതിമാസം 60,000 രൂപയിൽ നിന്നും 75000/- രൂപയായി 336-ാമത് ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം വർദ്ധിപ്പിക്കുകയുണ്ടായെന്നും അപ്രകാരം വേതനം വർദ്ധിപ്പിച്ച നടപടി സാധൂകരിക്കണമെന്നും 339-ാമത് ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ നിയമന കാലാവധി 25.06.2020 മുതൽ പ്രതിമാസം 75000/- രൂപ വേതനം നൽകിക്കൊണ്ട് ദീർഘിപ്പിക്കണമെന്നും കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ ശ്രീ. ആർ. മനുവിന്റെ വേതനം വർദ്ധിപ്പിച്ച മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കാൻ സാധിക്കില്ല. ഈ സാഹചര്യത്തിൽ കെ.യു.ആർ.ഡി.എഫ്.സി.യിൽ ഫിനാൻസ് മാനേജർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ശ്രീ. ആർ. മനുവിന്റെ കരാർ കാലാവധി വേതനവർദ്ധനവില്ലാതെ 25.06.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക് (മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി. മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധനകാര്യ വകുപ്പ്(1156430/PU-C2/47/2019-FIN പ്രകാരം)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ